# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം: പഞ്ചായത്ത് വകുപ്പ് – ഓണറേറിയം വ്യവസ്ഥയിൽ ജോലി നോക്കുന്ന നേഴ്സറി ടീച്ചർ, ആയ, ലൈബ്രേറിയൻ എന്നിവർക്ക് ഉത്സവ ബത്ത അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) സർക്കാരിന്റെ 14.08.2009 ലെ ജി.ഒ.(പി) നം. 345/2009/ഫിൻ നമ്പർ ഉത്തരവ്.
(2) സർക്കാരിന്റെ 21.10.1995 ലെ 9328/കെ1/95/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ് നമ്പർ. ജെ4 – 11760/09 തീയതി: 21.08.2009.

ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന നേഴ്സറി സ്കൂൾ ടീച്ചർ, ആയ, ലൈബ്രേറിയൻ എന്നീ ജീവനക്കാർക്ക് ഉത്സവ ബത്ത നിരക്കുകൾ നിശ്ചയിച്ചു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 2008-09 സാമ്പത്തിക വർഷത്തേയ്ക്ക് ജീവനക്കാർക്കും, പെൻഷൻകാർക്കും, ഹെൽപ്പർമാർക്കും അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ലൈബ്രേറിയൻ, നേഴ്സറി ടീച്ചർ, ആയ എന്നിവർക്ക് 2008-09 വർഷത്തേയ്ക്ക് താഴെ പറയുന്ന നിരക്കിൽ ഉത്സവ ബത്ത അനുവദിച്ച് ഉത്തരവാകുന്നു.

1. നേഴ്സറി സ്കൂൾ ടീച്ചർ/ലൈബ്രേറിയൻ – 500/- രൂപ
2. ആയ – 450/- രൂപ

ഈ ഇനത്തിലുള്ള ചെലവ് അതത് ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഒപ്പ്)**
**ഡോ.വി.എം.ഗോപാലമേനോൻ ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഉത്തരവിന്റെ പകർപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.
പബ്ലിസിറ്റി ആഫീസർ (പ്രസിദ്ധീകരണത്തിനുവേണ്ടി)
കരുതൽ/അധികം.

**ആജ്ഞാനുസരണം**

സൂപ്രണ്ട്